അന്ത: പ്രവിശ്യ ഭൂതാനി യോ ബി ഭർത്ത്യാത്മകേതുഭി:
അന്തര്യാമീശ്വര: സാക്ഷാത് പാതു നോ യദ്വശേ സ്ഫുടം **(5-20-28)**
യത്തത് കർമമയം ലിംഗം ബ്രഹ്മലിംഗം ജനോ*f*ർച്ചയേത്
ഏകാന്തമദ്വയം ശാന്തം തസ്മൈ ഭഗവതേ നമ ഇതി **(5-20-33)**

ശുകമുനി തുടർന്നു: അതിനുമപ്പുറത്ത് ശാകദ്വീപ്. അത് ഉടച്ച തൈരിനാൽ ചുറ്റപ്പെട്ടിരിക്കുന്നു. പ്രിയവ്രതന്റെ ആറാമത്തെ പുത്രനായ മേദാതിഥി അതിനെ പുരോജവം, മനോജവം, പാവമാണം, ധൂമ്രാനീകം, ചിത്രരേഫം, ബഹുരൂപം, വിശ്വാധാരം എന്നിങ്ങിനെ ഏഴായി തിരിച്ചു. അവിടെ ഏഴു മലകളും നദികളും ഉണ്ടായിരുന്നു. അവിടുത്തെ നാലുജാതി മനുഷ്യർ ഋതവ്രതർ, സത്യവ്രതർ, ദാനവ്രതർ, അനുവ്രതർ എന്നിങ്ങിനെ അറിയപ്പെടുന്നു. ഇവർ പ്രാണായാമത്തോടെ വായുദേവനെ ഇങ്ങിനെ പൂജിക്കുന്നു. 'എല്ലാ ജീവികളുടെ യുള്ളിലും പ്രവേശിച്ച് സംരക്ഷിക്കുന്ന ആ ഭഗവാൻ സകലജീവികളേയും ഞങ്ങളേയും അഭയം നൽകി രക്ഷിക്കട്ടെ.'

അവസാനം ശുദ്ധജലത്താൽ ചുറ്റപ്പെട്ടുകിടക്കുന്ന പുഷ്ക്കരദ്വീപ്. അതിൽ അനേകകോടി സുവർണ്ണദള ങ്ങളോടു കൂടിയ മഹത്തായ താമരപ്പൂ നിലകൊള്ളുന്നു. അതത്രേ സൃഷ്ടാവിന്റെ ഇരിപ്പിടം. ഈ ദ്വീപിനു നടുവിൽ മാനസോത്തരം എന്ന ഒരു പർവ്വതം മാത്രമേയുള്ളൂ. ദേവാധിദേവനായ ഇന്ദ്രന്റെ നാലു നഗരികളും ഇവിടെയുണ്ട്. അതിനു മുകളിലാണ് കാലചക്രം തിരിയുന്നത്. ഒരു ദിവ്യദിനംകൊണ്ട് ചക്രം ഒരു തവണ തിരിയുന്നു. പ്രിയവ്രതന്റെ ഏഴാമത്തെ പുത്രനായ വീതിഹോത്രൻ ഈ ദ്വീപിന്റെ ആദ്യത്തെ രാജാവായിരുന്നു. അദ്ദേഹം തന്റെ പുത്രന്മാരായ രമണകനും, ധാടകനുമായി ഈ ദ്വീപിലെ രണ്ടു ഭൂഖണ്ഡങ്ങൾ ഭരണത്തിനേൽപ്പിച്ച് വനവാസത്തിനു പോയി. അദ്ദേഹം തന്റെ ആറു ജ്യേഷ്ഠന്മാരെ പിന്തുടർന്നു. ഈ ദ്വീപിലെ ജനങ്ങൾ സൃഷ്ടികർത്താവായ ബ്രഹ്മാവിനെ പ്രാർത്ഥിക്കുന്നു. 'ഉൽകൃഷ്ടമായ കർമ്മസാധനകൊണ്ടുമാത്രം പ്രാപിക്കുവാനാവുന്ന ഭഗവൻ, അങ്ങ് അദ്വൈതവും ശാന്തവും പരമവുമായ ആ പരംപൊരുളിനെ ഞങ്ങൾക്കു മനസ്സിലാക്കാൻ ഇടവരുത്തുന്നു. അങ്ങേയ്ക്ക് നമോവാകം.'

അപ്പുറത്ത് അതേ വിസ്തൃതിയുള്ള മറ്റൊരു പ്രതലം. അതിനുമപ്പുറത്ത് സ്വർണ്ണം നിറഞ്ഞ മറ്റൊരു പ്രദേശം. അവിടെ പ്രവേശിക്കുന്ന യാതൊന്നും പിന്നീട് കാണപ്പെടുകയില്ല. എന്തും അപ്രത്യക്ഷമാക്കാൻ കഴിയുന്ന ഈ പ്രദേശം സർവ്വരാലും വർജ്ജിക്കപ്പെട്ടിരിക്കുന്നു. ഇതിന് 'ലോകാലോകം' എന്നു പേർ. ഇത് സൂര്യനാൽ പ്രകാശമാനമാക്കപ്പെടുന്ന ഭൂഗോളങ്ങളും അല്ലാത്തവയും തമ്മിലുള്ള അതിർത്തിയായി നിലകൊള്ളുന്നു.

മേരുപർവ്വതവും ലോകാലോകവും തമ്മിലുള്ള ദൂരം ഭൂഗോളത്തിന്റെ നാലിലൊന്നത്രേ. മേരുവിനപ്പുറം നാലു ദിക്കുകളും കാത്തു കാവൽ നിൽക്കാൻ ഋഷഭൻ, പുഷ്കരചൂഡൻ, വാമനൻ, അപരാജിതൻ എന്നിങ്ങിനെ നാലാനകൾ. അപ്രകാശിതവും അതിനാൽ ഇന്ദ്രിയഗോചരമല്ലാത്തതുമായ ആ ലോകത്തിനുമപ്പുറത്താണ് യോഗിവര്യന്മാർക്കു മാത്രം പ്രാപ്യമായ ഇടം.

എല്ലാ സ്ഥലങ്ങളേയും പ്രകാശിപ്പിച്ചുകൊണ്ട് സൂര്യൻ എല്ലാത്തിലും നടുവിലായി നിലകൊള്ളുന്നു. എല്ലാ ജീവജാലങ്ങളുടേയും ആത്മസത്തതന്നെയാണ് സൂര്യൻ.

(ദ്വീപ്, വർഷം എന്നിവയെല്ലാം ഗവേഷണമർഹിക്കുന്ന വിഷയങ്ങളത്രേ ! ലോകാലോകം ആധുനീക ശാസ്ത്രത്തിന്റെ ബ്ലാക് ഹോൾ ആണോ ?)